**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4555** **10-08-2021 - ൽ മറുപടിയ്ക്ക്**

**വാർദ്ധക്യകാല പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | **Shri M. V. Govindan Master** (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വാർദ്ധക്യകാല പെൻഷനുള്ള അപേക്ഷയോടൊപ്പം പ്രായം തെളിയിക്കുന്നതിനായി ഏതെല്ലാം രേഖകളും സർട്ടിഫിക്കറ്റുകളുമാണ് അപേക്ഷകർ ഹാജരാക്കേണ്ടത്; | (എ) | ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, സ്കൂൾ സർട്ടിഫിക്കറ്റ് എന്നീ ആധികാരിക രേഖകൾ പെൻഷൻ അനുവദിയ്ക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്. മേൽ സൂചിപ്പിച്ചിട്ടുള്ള ആധികാരിക രേഖകളുടെ അഭാവത്തിൽ മാത്രം, വയസ്സു തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ഇല്ലായെന്ന സ്വയം സാക്ഷ്യപത്രത്തിനുമേൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിയ്ക്കുന്നതിന് പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ഹാജരാക്കാവുന്നതാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് മുൻ നിബന്ധനകളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ആധാർ കാർഡ്, റേഷൻകാർഡ് എന്നിവ പ്രായം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖയായി ഉപയോഗിക്കാവുന്നതാണെന്ന് നേരത്തേ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ വയസ്സു തെളിയിക്കുന്നതിനുള്ള രേഖയായി ആധാർ ഉപയോഗിക്കാൻ പാടില്ലായെന്ന യു.ഐ.ഡി.എ.ഐ.-യുടെയും, പ്രായം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖയായി റേഷൻ കാർഡ് പരിഗണിക്കാനാവില്ല എന്ന ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെയും നിർദ്ദേശത്തെത്തുടർന്നാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിയ്ക്കുന്നതിന് പ്രായം തെളിയിക്കുന്നതിനായി സമർപ്പിയ്ക്കാവുന്ന രേഖകളിൽ നിന്നും ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ ഒഴിവാക്കിയത്. |
| (സി) | എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ; | (സി) | ഉണ്ട്. ആധാർ കാർഡ്, റേഷൻകാർഡ് എന്നിവ പ്രായം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖയായി ഉപയോഗിക്കാവുന്നതാണെന്ന് നേരത്തേ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ വയസ്സു തെളിയിക്കുന്നതിനുള്ള രേഖയായി ആധാർ |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കാൻ പാടില്ലായെന്ന യു.ഐ.ഡി.എ.ഐ.-യുടെയും, പ്രായം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖയായി റേഷൻ കാർഡ് പരിഗണിക്കാനാവില്ല എന്ന ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെയും നിർദ്ദേശത്തെത്തുടർന്നാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിയ്ക്കുന്നതിന് പ്രായം തെളിയിക്കുന്നതിനായി സമർപ്പിയ്ക്കാവുന്ന രേഖകളിൽ നിന്നും ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ ഒഴിവാക്കിയത്. |
| (ഡി) | സർക്കാരിന്റെ പുതിയ നിബന്ധനമൂലം വയോധികർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | വയസ്സ് തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകളുടെ അഭാവത്തിൽ, ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഏറെക്കാലമായി സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചിരുന്നു. എന്നാൽ നിലവിൽ ആധികാരിക രേഖകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോഴും മേൽപ്പടി ആധികാരിക രേഖകളുടെ അഭാവത്തിൽ മുൻകാലങ്ങളിലെന്നപോലെ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കുന്നുണ്ട്. ഇതു മുഖേന വയോധികർക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉള്ളതായി കരുതുന്നില്ല. |
| (ഇ) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഇ) | വയസ്സ് തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകളുടെ അഭാവത്തിൽ, ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഏറെക്കാലമായി സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചിരുന്നു. എന്നാൽ നിലവിൽ ആധികാരിക രേഖകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോഴും മേൽപ്പടി ആധികാരിക രേഖകളുടെ അഭാവത്തിൽ മുൻകാലങ്ങളിലെന്നപോലെ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കുന്നുണ്ട്. ഇതു മുഖേന വയോധികർക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉള്ളതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ